**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3109** **25-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ പൈതൃക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീമതി ദെലീമ** | | **Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴയുടെ വിനോദസഞ്ചാര സാധ്യത വികസിപ്പിക്കുന്നതിന് ഉതകുന്ന ആലപ്പുഴ പൈതൃക പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ആലപ്പുഴ പൈതൃക പദ്ധതിയുടെ വിശദാംശം ചുവടെ കൊടുക്കുന്നു. ആലപ്പുഴ ഹെറിറ്റേജ് പദ്ധതി (കിഫ്ബി മുഖാന്തരം) ഈ പദ്ധതിയ്ക്ക് 122.28 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 5 ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി 76.08 കോടി രൂപ കിഫ്ബിയിൽ നിന്നും അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു. ഒന്നാംഘട്ട പദ്ധതിയ്ക്ക് 17.19 കോടി രൂപയാണ് കിഫ്ബി ആദ്യഘട്ടമായി അനുവദിച്ചത്. ഈ പദ്ധതിയുടെ SPV INKEL Ltdആണ്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ പ്രധാന ഘടകങ്ങൾ താഴെപ്പറയുന്നവയാണ് പൂർത്തീകരിച്ചവ ലിവിംഗ് കയർ മ്യൂസിയം (4 ഘടകങ്ങൾ), കൺസർവേഷൻ ഓഫ് സൗക്കർ മസ്ജിദ്, കൺസർവേഷൻ ഓഫ് മക്ക മസ്ജിദ് ടെൻഡർ നടപടി ശിവപാർവ്വതി ക്ഷേത്രം, ബാലകൃഷ്ണ ക്ഷേത്രം ഹനുമാൻ ക്ഷേത്രം NOC ലഭിക്കാനുള്ളത് നോർട്ടൺ ബംഗ്ലാവ്, എസ് ഡി വി സ്കൂൾ, വില്യംഗുഡ് ഏക്കർ മ്യൂസിയം ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി 15.86 കോടി രൂപ കിഫ്ബി അനുവദിച്ചു. രണ്ടാംഘട്ടത്തിൽ ആകെ 7 ഘടകങ്ങൾ ആണ് ഉൾപ്പെട്ടിരിക്കുന്നത്. പൂർത്തീകരിച്ചവ പോർട്ട് മ്യൂസിയം ടെൻഡർ നടപടി മാരിറ്റൈം സിഗ്നലിംഗ് മ്യൂസിയം എൻട്രൻസ് ബിൽഡിംഗ് പ്രീസ്റ്റ് ഹൗസ് ഗുജറാത്തി ഹെറിറ്റേജ് സെന്റർ NOC ലഭിക്കാനുള്ളത് ഗുജറാത്തി സ്കൂൾ കെ.സി. കരുണാകരൻ മ്യൂസിയം ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിനായി 13.39 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ ആകെ 5 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഘടകങ്ങൾ ബീച്ച് |

സൈഡ് വികസനം - ആദ്യ സർവ്വേ പൂർത്തീകരിച്ചു യാൺ മ്യൂസിയം (കയർഫെഡ്) - 80% പൂർത്തീകരിച്ചു കൺസർവേഷൻ ഓഫ് ലിയോ സ്കൂൾ - 60% പൂർത്തീകരിച്ചു. ഗാന്ധി മ്യൂസിയം (കയർഫെഡ്- മധുര കമ്പനി)- വർക്ക് ഓർഡർ നൽകി ലെറ്റർ ഓഫ് അവാർഡ് നൽകേണ്ടവ മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്- എൽ.ഒ.എ ഇഷ്യൂ ചെയ്തു ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ നാലാം ഘട്ടത്തിനായി 15.26 കോടി രൂപ കിഫ്ബി അനുവദിച്ചു. ഘടകങ്ങൾ സീപെയർ വർക്ക് റീ ടെൻഡർ നടപടിയിലാണ്. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ അഞ്ചാം ഘട്ടം കനാൽ വികസനത്തിനായി 14.38 കോടി രൂപ കിഫ്ബി അനുവദിച്ചു. ഘടകങ്ങൾ കനാൽ സൈഡ് ഡെവലപ്മെന്റ് എൽ.ഒ.എ ഇഷ്യൂ ചെയ്തു. ആലപ്പുഴ ഹെറിറ്റേജ് സ്റ്റേറ്റ് പ്രോജക്ട് 1. ആലപ്പുഴ പൈതൃക പദ്ധതി - ഡെവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് കയർ ഹിസ്റ്ററി അറ്റ് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ആലപ്പുഴ ഭരണാനുമതി തുക - Rs 9,68,31,000/- അനുവദിച്ച തുക - Rs 4,03,96,747 നിർവ്വഹണ ഏജൻസി - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് മുഖാന്തരം ഇൻകെൽ ലിമിറ്റഡ് പദ്ധതി പ്രധാന ഘടകങ്ങൾ - ഷെഡ് എ, ലോറി ഷെഡ്, ഗോഡൗൺ ബി, ഷെഡ് ഡി, ഗോഡൗൺ എ, എൻട്രൻസ്സ് ഷോപ്പ് ബിൽഡിംഗ്, ബംഗ്ളാവ് എന്നിവയുടെ അറ്റകുറ്റപണികൾ, ക്യാന്റീൻ ബ്ലോക്ക്, ഷെഡ് ബി. പദ്ധതി പുരോഗതി- 65 % പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുകളിൽ പ്രതിപാദിച്ചിട്ടുള്ള ഘടകങ്ങളിൽ ഷെഡ് എ, ലോറി ഷെഡ് , ഗോഡൗൺ എ എന്നിവയുടെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചിട്ടുണ്ട്. എൻട്രൻസ് ഷോപ്പ് ബിൽഡിംഗ്, ബംഗ്ലാവ് എന്നിവയുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയിട്ടേയുള്ളൂ. എന്നാൽ ഗോഡൗൺ എ യുടെ പണികൾ റീടെണ്ടർ നടപടികളാൽ ഇതുവരെയും തുടങ്ങാൻ സാധിച്ചിട്ടില്ല. 2. ആലപ്പുഴ പൈതൃക പദ്ധതി - ഡെവലപ്മെന്റ് ഓഫ് മ്യൂസിയം ഓഫ് ലിവിങ് കയർ ഫാക്ടറി അറ്റ് ന്യൂ മോഡൽ കയർ ഫാക്ടറി ആലപ്പുഴ ഭരണാനുമതി തുക - Rs 9,95,94,000/- അനുവദിച്ച തുക - Rs 4,08,58,600/- നിർവ്വഹണ ഏജൻസി - മുസിരിസ് ഹെറിറ്റേജ് പ്രോജക്ടസ് ലിമിറ്റഡ് മുഖാന്തരം ഇൻകെൽ ലിമിറ്റഡ് പ്രധാന ഘടകങ്ങൾ - എൻട്രൻസ് ആൻഡ് ടിക്കറ്റിംങ് , ലൈഫ് ഓഫ് കയർവർക്കർ, പ്രസ്സ് ഹൗസ് , ഷെഡ്സ് ഡി, 100 ഇയർ ഓൾഡ് ഫാക്ടറി , ഇവൊല്യൂഷൻ ഗാലറി, ലിവിങ് ഫാക്ടറി ഗാലറി 1, ലിവിങ് ഫാക്ടറി ഗാലറി

2 , പാത് വേ & ലാൻഡ്സ്കേപ്പിങ്, അഡ്മിൻ ബ്ലോക്ക് എന്നിവ. പദ്ധതി പുരോഗതി - 75 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മുകളിൽ പ്രതിപാദിച്ചിട്ടുള്ള എൻട്രൻസ് ആൻഡ് ടിക്കറ്റിങ് , ലൈഫ് ഓഫ് കയർവർക്കർ, പ്രസ്സ് ഹൗസ് , 100 ഇയർ ഓൾഡ് ഫാക്ടറി എന്നിവ പൂർത്തീകരിച്ചു. പാത് വേ & ലാൻറ് സ്കേപ്പിംഗ് 90 % പൂർത്തീകരിച്ചു. ഇവൊല്യൂഷൻ ഗാലറി , ലിവിങ് ഫാക്ടറി ഗാലറി 1 , ലിവിങ് ഫാക്ടറി ഗാലറി 2, അഡ്മിൻ ബ്ലോക്ക് എന്നിവയുടെ തുടർച്ചയായ റീടെണ്ടർ നടപടികൾ കാരണം ഇതുവരെയും പ്രവൃത്തി തുടങ്ങാൻ സാധിച്ചിട്ടില്ല. 3. ആലപ്പുഴ പൈതൃക പദ്ധതി - ഡെവലപ്മെന്റ് ഓഫ് യാൺ മ്യൂസിയം അറ്റ് കയർ ഫെഡ്സ് ആലപ്പുഴ ഭരണാനുമതി തുക - Rs 5,42,75,000/- അനുവദിച്ച തുക - Rs 1,29,72,819/- നിർവ്വഹണ ഏജൻസി - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് മുഖേന ഇൻകെൽ ലിമിറ്റഡ് പദ്ധതി പ്രധാന ഘടകങ്ങൾ - മെയിൻ ബ്ലോക്ക് സ്റ്റോറേജ് ഷെഡ് ബി, ഷെഡ് അലോങ് ദി റോഡ്, റബ്ബർ മാറ്റിങ് യൂണിറ്റ്. സ്റ്റോറേജ് യൂണിറ്റ്, ലാന്റ്സ്കേപ്പിംഗ് വർക്ക് ഫോർ യാൺ മ്യൂസിയം, സൈനേജ്, ഇലക്ട്രിക്കൽ വർക്, ആർ.ഡി.ഒ ബിൾഡിംഗ്. പദ്ധതി പുരോഗതി - 80 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മെയിൻ ബ്ലോക്ക് സ്റ്റോറേജ് ഷെഡ് ബി, ഷെഡ് അലോങ് ദി റോഡ് റബ്ബർ മാറ്റിങ് യൂണിറ്റ്. സ്റ്റോറേജ് യൂണിറ്റ്, ലാന്റ്സ്കേപ്പിംഗ് വർക്ക് ഫോർ യാൺ മ്യൂസിയം എന്നിവ പൂർത്തീകരിച്ചു. 4. ആലപ്പുഴ പൈതൃക പദ്ധതി- റിപ്പയർ ആൻഡ് മെയിന്റനൻസ് ഓഫ് ഷെഡ് ബി കയർ കോർപ്പറേഷൻ ആൻഡ് ക്യാൻറ്റിൻ ബ്ലോക്ക് ഫോർ മ്യൂസിയം ഭരണാനുമതി തുക - Rs 3,29,87,000/- അനുവദിച്ച തുക - Rs 65,97,400/- നിർവ്വഹണ ഏജൻസി - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് മുഖേന ഇൻകെൽ ലിമിറ്റഡ് പദ്ധതി പ്രധാന ഘടകങ്ങൾ - ഷെഡ് ബി &ക്യാൻറ്റിൻ ബ്ലോക്ക് എന്നിവയുടെ അറ്റകുറ്റപ്പണികൾ. പദ്ധതി പുരോഗതി- 70 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. (പഴയ ക്യാന്റീൻ ബ്ലോക്ക് ഇതുവരെയും KSCC ഒഴിഞ്ഞു നൽകാത്തതിനാൽ ക്യാന്റീൻ ബ്ലോക്കിന്റെ പ്രവൃത്തികൾ തുടങ്ങാൻ സാധിച്ചിട്ടില്ല) 5. ആലപ്പുഴ പൈതൃക പദ്ധതി- സൈനേജസ്സ് അറ്റ് ആലപ്പുഴ ഹെറിറ്റേജ് പ്രോജക്ട്സ് ഭരണാനുമതി തുക - Rs 61,29,000/- അനുവദിച്ച തുക - Rs 54,444/- നിർവ്വഹണ ഏജൻസി - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് നടത്തിപ്പ് ഏജൻസി -

| | | | |
|---|---|---|---|
| | | | ഇൻകെൽ ലിമിറ്റഡ് പദ്ധതി ഘടകങ്ങൾ - ആലപ്പുഴ പൈതൃക പദ്ധതിയുടെ വിവിധ പ്രദേശങ്ങളിൽ സൈനേജസ്സ് സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പദ്ധതി പുരോഗതി - ഇതുവരെയും നിർവ്വഹണ ഏജൻസി പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ ഉത്തരം |
| (സി) | പുതുതായി ആരംഭിക്കുന്ന ബിനാലെയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | നിലവിൽ കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ പട്ടണത്തിൽ 'ലോകമേ തറവാട്" എന്ന പേരിൽ എക്സിബിഷന് സ്ഥല സൗകര്യം ഒരുക്കിയിട്ടുണ്ട്. ആലപ്പുഴ ഹെറിറ്റേജ് പ്രോജക്റ്റ്സ് മ്യൂസിയങ്ങൾക്ക് വേണ്ടി നവീകരിച്ചിട്ടുള്ള കെട്ടിടങ്ങളിലാണ് ഈ എക്സിബിഷൻ നടക്കുന്നത്. ലോകത്തെമ്പാടുമുള്ള കേരളീയരായ 256 - ഓളം കലാകാരന്മാരുടെ സൃഷ്ടികൾ ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്ന അന്താരാഷ്ട്ര നിലവാരമുള്ള എക്സിബിഷൻ ആണിത്. നമ്മുടെ കലാകാരന്മാരുടെ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിന് ഇത് ഏറെ പ്രയോജനം ചെയ്തിട്ടുണ്ട്. ധാരാളം ആളുകൾ സന്ദർശിച്ച ഈ എക്സിബിഷൻ 30/ 11/2021 വരെ തുടരും . |

സെക്ഷൻ ഓഫീസർ